**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1313** **07-02-2023 - ൽ മറുപടിയ്ക്ക്**

**സ്ട്രീറ്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ സുസ്ഥിര ടൂറിസം പദ്ധതിയായ സ്ട്രീറ്റ് അന്താരാഷ്ട്ര തലത്തിൽ പുരസ്കാരത്തിന് അർഹമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന ടൂറിസം വകുപ്പ് ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പാക്കുന്ന സുസ്ഥിര വിനോദ സഞ്ചാര വികസന പദ്ധതിയായ 'സ്ട്രീറ്റ് ' പദ്ധതിക്ക് അന്താരാഷ്ട്ര തലത്തിൽ പുരസ്കാരം ലഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്ത ടൂറിസം അവാർഡായ ‘വേൾഡ് റെസ്പോൺസിബിൾ ടൂറിസം അവാർഡ്’ 2022 - ൽ , 'സ്ട്രീറ്റ്' പദ്ധതിയുടെ ഭാഗമായി നടന്ന 'വാട്ടർ സ്ട്രീറ്റ്' പ്രവർത്തനങ്ങൾക്ക് ലോകത്തെ ഏറ്റവും മികച്ച ജലസംരക്ഷണത്തിലൂടെയുള്ള വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്കുള്ള അവാർഡ് (ഗ്ലോബൽ വിന്നർ ) ലഭിച്ചു. WTM ലണ്ടനാണ് അവാർഡ് നൽകിയത്.<br><br>കോട്ടയം ജില്ലയിലെ മറവന്തുരുത്ത് ഗ്രാമപഞ്ചായത്ത് അടക്കം നടത്തിയിട്ടുള്ള ജലസംരക്ഷണത്തിലൂന്നിയ വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്കാണ് ഈ അവാർഡ് ലഭിച്ചത്. മറവന്തുരുത്ത് ഗ്രാമപഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളെ പ്രത്യേകമായി ശ്ലാഘിച്ചിട്ടുണ്ട്. ‘ഇന്റർനാഷണൽ സെന്റർ ഫോർ റെസ്പോൺസിബിൾ ടൂറിസം അവാർഡ്’ 2022 -ൽ ഇന്ത്യൻ ഉപഭൂഖണ്ഡം വിഭാഗത്തിൽ 4 ഗോൾഡ് അവാർഡുകളും ഉത്തരവാദിത്ത ടൂറിസം മിഷന്റെ 'വാട്ടർ സ്ട്രീറ്റ്' ഉൾപ്പെടെ വിവിധ പ്രവർത്തനങ്ങൾക്ക് ലഭിച്ചിരുന്നു.<br><br>ന്യൂയോർക്ക് ടൈംസ് തയ്യാറാക്കിയ, 2023 - ൽ ലോകത്ത് കണ്ടിരിക്കേണ്ട 52 സ്ഥലങ്ങളുടെ പട്ടികയിൽ കേരളത്തിന് 13 - ാമത് സ്ഥാനം ലഭിച്ചു. ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾക്ക് പ്രത്യേക പരാമർശവും |

| | | | |
|---|---|---|---|
| | | | ലഭിച്ചിട്ടുണ്ട്. കുമരകം, മറവന്തുരുത്ത്, വൈക്കം എന്നിവിടങ്ങളിലെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങളാണ് ഈ പരാമർശം ലഭിക്കാൻ വഴിയൊരുക്കിയത്. |
| (ബി) | ജലസംരക്ഷണം, പരിസ്ഥിതി പരിപാലനം എന്നീ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് സംസ്ഥാനം നടത്തുന്ന വിനോദസഞ്ചാര വികസന പദ്ധതികളെ ലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ജലസംരക്ഷണത്തിലൂന്നിയ വിനോദസഞ്ചാര പ്രവർത്തനങ്ങൾ 'സ്ട്രീറ്റ്' പദ്ധതിയുടെ ഭാഗമായാണ് നടപ്പാക്കി വരുന്നത്. 'സ്ട്രീറ്റ്' പദ്ധതിയുടെ ഭാഗമായ 'വാട്ടർ സ്ട്രീറ്റ്'എന്ന സങ്കൽപം അതിനെ അടിസ്ഥാനപ്പെടുത്തിയാണ് ചെയ്യുന്നത്. അതിന് വേൾഡ് ട്രാവൽ മാർട്ടിന്റെ ഗ്ലോബൽ അവാർഡ് ലഭിക്കുകയും ആയത് ലോക ശ്രദ്ധയിൽപ്പെടുകയും ചെയ്തിട്ടുണ്ട് |
| (സി) | സ്ട്രീറ്റ് പദ്ധതി പ്രാദേശിക ജനതയ്ക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും കരകൗശല ഉല്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി കണ്ടെത്തുന്നതിനും സഹായകമാണോ; വ്യക്തമാക്കുമോ; | (സി) | സുസ്ഥിരവും ഉത്തരവാദിത്ത പൂർണ്ണവുമായ വിനോദസഞ്ചാരത്തിന് പ്രാധാന്യം നൽകുന്നതും വ്യക്തമായി കണ്ടറിയാനാവുന്നതും അനുഭവവേദ്യത ഉറപ്പാക്കുന്നതും പരമ്പരാഗത ജീവിത രീതികൾക്കും ഗ്രാമീണ ടൂറിസത്തിനും പ്രാധാന്യം നൽകുന്നതുമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്ന ലക്ഷ്യത്തിലൂന്നിയതാണ് 'സ്ട്രീറ്റ് ' പദ്ധതി. പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സംയുക്ത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു . ഓരോ പദ്ധതി പ്രദേശത്തും സാദ്ധ്യതക്കനുസരിച്ച് ഗ്രീൻ സ്ട്രീറ്റ്, കൾച്ചറൽ സ്ട്രീറ്റ്, എത്തിക് ക്യൂസീൻ / ഫുഡ് സ്ട്രീറ്റ് , വില്ലേജ് ലൈഫ് എക്സ്പീരിയൻസ് / എക്സ്പീരിയൻഷ്യൽ ടൂറിസം സ്ട്രീറ്റ്, അഗ്രി ടൂറിസം സ്ട്രീറ്റ്, വാട്ടർ സ്ട്രീറ്റ്, ആർട്ട് സ്ട്രീറ്റ് എന്നിങ്ങനെ വിവിധ സ്ട്രീറ്റുകൾ നിലവിൽ വരും. കുറഞ്ഞത് 3 സ്ട്രീറ്റുകളെങ്കിലും പദ്ധതിയുടെ ഭാഗമായി ഓരോ പ്രോജക്ട് ഏരിയയിലും നടപ്പാക്കപ്പെടുന്നു . പൂർണ്ണമായി പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ നടപ്പാക്കാൻ വിഭാവനം ചെയ്യുന്ന ഈ പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും തദ്ദേശവാസികൾക്കും വിനോദസഞ്ചാര പ്രക്രിയയിൽ മുഖ്യ പങ്ക് വഹിക്കാനാവും വിധമാണ് നടപ്പാക്കപ്പെടുന്നത്. ഇതുവഴി പ്രാദേശിക ജനതയ്ക്ക് തൊഴിലും കരകൗശല ഉല്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി കണ്ടെത്തുന്നതിനും സഹായകമാകുന്നു. |
| (ഡി) | ചെറുകിട ടൂറിസം സംരംഭങ്ങളുടെയും പ്രാദേശിക ടൂറിസ്റ്റ് സ്പോട്ടുകളുടെയും വികസനത്തിന് സംസ്ഥാന സർക്കാർ നൽകുന്ന പ്രാധാന്യം കൂടുതൽ ആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിൽ നിർണ്ണായകമായിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ‘സ്ട്രീറ്റ്’, ‘പെപ്പർ’, ‘മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ’ മുതലായ പദ്ധതികൾ ചെറുകിട ടൂറിസം സംരംഭങ്ങളുടെയും പ്രാദേശിക ടൂറിസ്റ്റ് സ്പോട്ടുകളുടെയും വികസനത്തിനും കൂടുതൽ ആഭ്യന്തര വിനോദ |

| | | | |
|---|---|---|---|
| | | | സഞ്ചാരികളെ ആകർഷിക്കുന്നതിനും സഹായകമാകുന്നുണ്ട്. 'സ്ട്രീറ്റ്' പദ്ധതി ആദ്യ ഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ കടലുണ്ടി, പാലക്കാട് ജില്ലയിലെ തൃത്താല, പട്ടിത്തറ, കണ്ണൂർ ജില്ലയിലെ പിണറായി, അഞ്ചരക്കണ്ടി, കോട്ടയം ജില്ലയിലെ മറവൻതുരുത്ത്, മാഞ്ചിറ,കാസർകോട് ജില്ലയിലെ വലിയപറമ്പ, ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വയനാട് ജില്ലയിലെ ചേകാടി എന്നിങ്ങനെ 10 പ്രദേശങ്ങളിലാണ് നടപ്പാക്കി വരുന്നത്. 'സ്ട്രീറ്റ്' പദ്ധതിയുടെ ഭാഗമായി കോട്ടയം ജില്ലയിലെ മറവൻതുരുത്ത് പഞ്ചായത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ കൂടുതൽ ആഭ്യന്തര വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ളവയാണ്.<br><br>'പെപ്പർ' പദ്ധതിയിൽ വിവിധ ഘട്ടങ്ങളിലായി വൈക്കത്തെ 10 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ 34 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>‘മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ’ പേര് സൂചിപ്പിക്കുന്നതുപോലെ അനുകരണീയമായ വിധത്തിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന വിധത്തിൽ ഗ്രാമങ്ങളെ വളർത്തിക്കൊണ്ടു വരുന്ന പദ്ധതിയാണിത്. കോട്ടയം ജില്ലയിലെ അയ്മനം, തിരുവാർപ്പ് പഞ്ചായത്തുകളിലും കണ്ണൂർ ജില്ലയിലെ കോൾതുരുത്തി, പാമ്പുരുത്തി, മലപ്പട്ടം, തെക്കുമ്പാട്, ഏഴോം പ്രദേശങ്ങളും, കാസറഗോഡ് ജില്ലയിലെ വലിയ പറമ്പ, പാലക്കാട് ജില്ലയിലെ വെള്ളിനേഴി, പെരുവെമ്പ പ്രദേശങ്ങളും, തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തി പ്രദേശവും, കോഴിക്കോട് ജില്ലയിലെ കടലുണ്ടി, ഒളവണ്ണ പ്രദേശവും ആണ് പദ്ധതി നടത്തിപ്പിനായി പ്രാരംഭ ഘട്ടത്തിൽ തെരഞ്ഞെടുത്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ